# Desabhimani
# 31 August 2018
# Pathanamthitta, Flood Relief

## ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്: 7 ടൺ ആട്ട കൈമാറി

**പത്തനംതിട്ട**

കേരളത്തെ തകർത്തെറിഞ്ഞ മഹാപ്രളയത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് കൈത്താങ്ങായി ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്. ദുരിതബാധിത മേഖലകളിൽ വിതരണം ചെയ്യുന്നതിനായി ചർച്ചിന്റെ പഞ്ചാബ് ഭദ്രാസനം സമാഹരിച്ച ഏഴു ടൺ ആട്ടയും 200 കിലോ അരിയും സഭയുടെ പരമാധ്യക്ഷൻ ഡോ. കെ പി യോഹന്നാൻ മെത്രാപ്പോലീത്താ കലക്ടർ പി ബി നൂഹിന് കൈമാറി. വെള്ളിയാഴ്ച തിരുവല്ലയിൽ നടക്കുന്ന ചടങ്ങിൽ 10 ടൺ അരിയും രണ്ടു ടൺ ആട്ടയും മന്ത്രി മാത്യു ടി തോമസിന് കൈമാറുമെന്ന് മെത്രാപ്പോലീത്താ പറഞ്ഞു. ഹൈദരാബാദിൽ നിന്നും കുട്ടികൾക്കുള്ള 3000 വസ്ത്രങ്ങൾ ഈ ആഴ്ച തന്നെ എത്തും. കർണാടകത്തിൽ നിന്ന് അരി, 5000 പായ, മറ്റു ഭദ്രാസനങ്ങളിൽ നിന്ന് കമ്പിളി, പായ, നോട്ടുബുക്ക്, സ്കൂൾ ബാഗ്, ഭക്ഷ്യവസ്തുക്കൾ എന്നിവ ദുരിതബാധിത മേഖലകളിൽ എത്തിച്ചു നൽകുമെന്ന് പിആർഒ ഫാ. സിജോ ജോസ് പന്തപ്പള്ളിൽ അറിയിച്ചു. ബിഷപ്പ് ജോജു മാത്യു, ഫാ. ഷിജു മാത്യു, ഫാ. തോമസ് ജോൺ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.